കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.1/777/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി:17.06.2019

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി
കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ,
തിരുവനന്തപുരം.

സർ,

വിഷയം : കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

പകർപ്പ്

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

(ഉപരിപത്രം സഹിതം)

2. സെക്രട്ടറി, കായിക യുവജനകാര്യക്ഷേമ വകുപ്പ്, തിരുവനന്തപുരം.

3. ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം./മിസ്.1/777/19 തീയതി 17.06.2019

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളും പ്രകാരവും 2000ലെ കേരള സ്പോർട്സ് നിയമവും ചട്ടവും പ്രകാരവും പുറപ്പെടുവിക്കുന്നത്)

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. എ.മുഹമ്മദ് നിസ്സാർ,<br>ജോയിന്റ് ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.04.2019 മുതൽ 20.04.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീമതി. ജയകുമാരി.കെ.ആർ,<br>ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | 2) ശ്രീ. മനേഷ്.ബി.എച്ച്.<br>ഓഡിറ്റ് ഓഫീസർ. |
| | 3) ശ്രീമതി. ബിന്ദു.ഒ.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | 4) ശ്രീ.രാജേഷ്.എം.ജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | 5) ശ്രീ.അരുൺ. സി.എസ് ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | 6) ശ്രീമതി. ശാലിനി. വി.കെ.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | 7) ശ്രീമതി. രേഖ.സി.എസ്.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | 8) ശ്രീ. വിനോദ്.ആർ, ഓഡിറ്റർ. |

നിർവ്വഹണാധികാരികൾ

| സ്ഥാനപേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. അഞ്ജു ബോബി ജോർജ്ജ് | 01.04.2016 മുതൽ<br>22.06.2016 വരെ |
| | 23.06.2016 മുതൽ 22.07.2016 വരെ പ്രസിഡന്റിന്റെ ചുമതല ആർക്കും നൽകിയിട്ടില്ല | |
| | ശ്രീ. ടി.പി. ദാസൻ | 23.07.2016 മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ഡോ. ബിന്ദ ജോർജ്ജ് വർഗ്ഗീസ് | 01/04/2016 മുതൽ<br>31/5/2016 വരെ |
| | ശ്രീ. മുരളീധരൻ നായർ. എ. | 01/06/2016 മുതൽ<br>23.06.2016 വരെ |
| | ശ്രീ. സഞ്ജയ് കുമാർ, IFS | 24.06.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുരളീധരൻ നായർ. എ. | 01.04.2016 മുതൽ<br>31.03.2017 വരെ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 പൊതു അവലോകനം

കേരള സ്പോർട്സ് കൗൺസിലിൽ വിവിധ അക്കൗണ്ടുകൾക്കായി, പ്രത്യേകം ക്യാഷ് ബുക്കുകൾ ഉപയോഗിക്കുന്നു. ഒരു സ്ഥാപനത്തിന് ഒറ്റ കാഷ്ബുക്ക് മാത്രമേ പാടുള്ളൂ എന്ന കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധന (28.10.2005 തീയതിയിലെ ജി.ഒ.(പി)നം.469/2005/ഫിൻ. പ്രകാരം പരിഷ്ക്കരിച്ചത് ) സംസ്ഥാന സ്പോർട്സ് കൗൺസിൽ പാലിക്കുന്നില്ല.

വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചുവരുന്നില്ല. ഓഡിറ്റ് വർഷം 2,57,95,503/-രൂപ മുൻകൂർ ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

പ്ലാൻഫണ്ട്, നോൺപ്ലാൻ ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കുന്ന പ്രവണത ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവിധ സെക്ഷനുകൾ മുഖേന ലഭ്യമാകുന്ന വരവ് തുകകൾ ഒടുക്ക് വരുത്തുന്നതിന് കൃത്യമായ ഒരു സംവിധാനം നിലവിലില്ല. അതത് സെക്ഷനുകൾ തന്നെ അക്കൗണ്ടുകളിലേക്ക് ഒടുക്ക് വരുത്തുകയാണ് ചെയ്യുന്നത്.

പൈക്ക ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

27.09.2016ലെ 38-4/MYAS/Khelo India/2016 നം. കത്തിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾ യഥാവിധി പാലിക്കുന്നതിൽ ജില്ലാ സ്പോർട്സ് കൗൺസിലുകളും ആയതിന് മേൽനോട്ടം വഹിക്കേണ്ട സംസ്ഥാന സ്പോർട്സ് കൗൺസിലും വീഴ്ച വരുത്തിയതിനാൽ സംസ്ഥാനത്തെ സമഗ്ര കായിക വികസനത്തിന് മുതൽക്കൂട്ടാകുമായിരുന്ന "ഖേലോ ഇന്ത്യ" പദ്ധതിക്ക് കേന്ദ്രസർക്കാർ അനുവദിക്കുന്ന ആവർത്തന ഗ്രാന്റ് 2016-17 ന് ശേഷം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നഷ്ടമായി.

ISPARK, രാജാകേശവദാസ് നീന്തൽക്കുളം എന്നീ പ്രോജക്റ്റുകളുടെ നിലവിലെ അവസ്ഥ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. ആകെ 42എൻക്വയറികൾ നൽകിയെങ്കിലും 18എണ്ണത്തിന് മാത്രമാണ് അധികൃതർ മറുപടി ലഭ്യമാക്കിയത്.

സ്പോർട്സ് കൗൺസിൽ മുഖേന യാത്രപ്പടി നൽകുന്ന സന്ദർഭങ്ങളിൽ നിലവിലെ സർവ്വീസ് ചട്ടങ്ങൾ പാലിക്കുന്നില്ല.

കടുത്ത സാമ്പത്തിക നിയന്ത്രണമുള്ളപ്പോഴും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ചെലവുകൾ നടത്തിയിട്ടുണ്ട്.

സ്പോർട്സ് ഉപകരണങ്ങളുടെയും ട്രാക്ക് സ്യൂട്ടുകളുടെയും സ്റ്റോക്ക്/ വിതരണ രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. കൗൺസിലിന്റെ അസറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

1. 2015-16 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ തനത് ഫണ്ടിന്റെ നീക്കിയിരിപ്പ് പ്രകാരം 4,68,000/- രൂപ കെ.എസ്.സി. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത തുക 2016-17 വർഷത്തെ തനത് ഫണ്ടിന്റെ മുന്നിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.

2. ലഭ്യമാക്കിയ താഴെ പറയുന്ന എഫ്.ഡി സർട്ടിഫിക്കറ്റുകളിലുള്ള തുകയും അക്കൗണ്ട്സിലെ തുകയും വ്യത്യസ്തമാണ്.

| എഫ്.ഡി.യുടെ വിശദാംശം | എ.എഫ്.എസ്. പ്രകാരം | സർട്ടിഫിക്കറ്റ് പ്രകാരം |
|---|---|---|
| ട്രഷറി ഡെപ്പോസിറ്റ്<br>എ.എ. നം.198923/327640 | 3,00,189/- | 2,55,000/- |
| ട്രഷറി ഡെപ്പോസിറ്റ്<br>എ.എ.നം.198913/327631 | 11,77,221/- | 10,00,000/- |

3. കെ.എസ്.എസ്.സി. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത എഫ്.ഡി.നം.301, 293 എന്നിവ അക്കൗണ്ട്സിൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 സർക്കാരിൽ നിന്നുള്ള ധനസഹായം

2016-17 വർഷം സംസ്ഥാന സർക്കാരിൽ നിന്നും പ്ലാൻ ഗ്രാന്റ് ഇനത്തിൽ 27,00,00,000/- രൂപയും നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ 13,96,95,000/- രൂപയും ക്യാഷ് അവാർഡായി 1,25,01,440/- രൂപയും ഖേലോ ഇന്ത്യ പദ്ധതിക്കായി 1,19,82,000/- രൂപയും ലഭിച്ചു.

(എ) 1.പദ്ധതി വരവ്

| ക്രമ നം. | ഉത്തരവ് നമ്പർ/തീയതി | തുക (രൂപ) |
|---|---|---|
| 1 | G.O (Rt) No.161/16/S&YA Dated : 05.08.2016 | 8,00,00,000/- |
| 2 | G.O (Rt)No.245/16/S&YA Dated : 03.12.2016 | 8,00,00,000/- |
| 3 | G.O (Rt) No.36/17/S&YA Dated : 22.02.2017 | 4,00,00,000/- |
| 4 | G.O (Rt) No.71/2017/S&YA Dated : 24.03.2017 | 4,00,00,000/ |
| 5 | G.O (Rt) No.71/2017/S&YA Dated : 24.03.2017 | 3,00,00,000/- |
| | Total | 27,00,00,000/- |

2.പദ്ധതിയേതര വരവ്

| ക്രമ നം. | ഉത്തരവ് നമ്പർ/ തീയതി | തുക (രൂപ) |
|---|---|---|
| 1 | G.O (Rt) No.103/16/S&YA Dated : 04.05.2016 | 4,65,65,000 |
| 2 | G.O (Rt) No.206/16/S&YA Dated : 27.09.2016 | 4,65,65,000 |
| 3 | G.O (Rt)No.241/16/S&YA Dated : 26.11.2016 | 2,32,82,500/- |
| 4 | G.O (Rt) No.274/15/S&YA Dated :24.11.2015 | 2,32,82,500/- |
| | Total | 13,96,95,000/- |

3. ക്യാഷ് അവാർഡ്

| ക്രമ നം. | ഉത്തരവ് നമ്പർ/തീയതി | തുക (രൂപ) |
|---|---|---|
| 1 | G.O (Rt) No.76/2017/S&YA Dated : 30.03.2017 | 1,25,01,440/- |

### 1-4 ബജറ്റ്

12.08.2015 ലെ ജനറൽ കമ്മിറ്റി മീറ്റീംഗിൽ 2016-17 ലെ ബജറ്റ് ചർച്ച ചെയ്ത് പാസ്സാക്കിയിട്ടുണ്ട്. ആയത് പ്രകാരം പ്ലാൻ വിഹിതത്തിൽ നിന്നും 76,39,50,000/- രൂപയുടെയും, നോൺ-പ്ലാൻ വിഹിതത്തിൽ നിന്നും 35,47,00,000/- രൂപയുടെയും, കാഷ് അവാർഡിനത്തിൽ 1,50,00,000/- രൂപയുടെയും ചെലവ് പ്രതീക്ഷിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുളള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വരവ് തുക ഒടുക്കിയതിൽ കുറവ് 13,350/-രൂപ നഷ്ടം

താഴെ പറയുന്ന രസീതുകൾ പ്രകാരം ഈടാക്കിയ തുക, ഒടുക്കുവരുത്തിയതിൽ കുറവു വന്നിരിക്കുന്നു.

| രസീത് നമ്പർ തീയതി | തുക | അക്കൗണ്ട് ചെയ്തത് | നഷ്ടം |
|---|---|---|---|
| 5272/04.12.2017 | 2,000/- | 200/- | 1,800/- |
| 4572/07.08.2017 | 10,000/- | 1,000/- | 9,000/- |
| 4929-4941/13.10.2017 | 2,550/- | - | 2,550/- |
| 3671/11.4.2017 | 200/- | - | 200/- |
| ആകെ | | | 13,550/- |

ഇപ്രകാരം ബാങ്കിൽ ഒടുക്കിയതിൽ കുറവുവന്ന 13,550/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി, ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഒളിമ്പ്യൻ മാനുവൽ ഫെഡറിക്കിന് വീടു വയ്ക്കാൻ സാമ്പത്തികസഹായം-രേഖകൾ ലഭ്യമാക്കിയില്ല

1972ലെ മ്യൂണിക്ക് ഒളിമ്പിക്സിൽ ഹോക്കി മെഡലിസ്റ്റായ ഒളിമ്പ്യൻ മാനുവൽ ഫെഡറിക്കിന്റെ അപേക്ഷ പ്രകാരം, സ.ഉ.(കൈ) നം.20/16/കാ.യു.വ. തീയതി 02.03.2016 പ്രകാരം അനുവദിക്കപ്പെട്ട ഭൂമിയിൽ വീട് വയ്ക്കുന്നതിനായി 20,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2015-16 വർഷത്തെ പ്ളാൻ ഫണ്ടിൽ നിന്ന് കണ്ടെത്തണമെന്നും വീടിന്റെ വിവിധ ഘട്ടങ്ങളിലുള്ള നിർമ്മാണ പുരോഗതി കണ്ണൂർ ജില്ലാ കളക്ടർ യഥാസമയം വിലയിരുത്തണമെന്നുമായിരുന്നു ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്. ചെക്ക് നം.976342/21.4.16 പ്രകാരം 20,00,000/- രൂപ (19.4.16 ലെ കെ.എസ്.എസ്.സി/B8/4608/14 -ാം നം സെക്രട്ടറിയുടെ നടപടിക്രമം) 2015-16 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 2015-16 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാനാണ് സർക്കാർ ഉത്തരവെന്നിരിക്കെ 2016-17 വർഷത്തെ ചെലവിലാണ് ആയത് ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടില്ല.

2. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.24ന് മറുപടി ലഭ്യമാക്കിയിട്ടുമില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 20,00,000/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 ആശ്രാമം ഹോക്കി സ്റ്റേഡിയം - കുഴൽക്കിണർ നിർമ്മാണം -തുക ക്രമീകരിച്ചില്ല

35-ാം ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് കൊല്ലത്ത് നിർമ്മിച്ചിട്ടുള്ള ഹോക്കി സ്റ്റേഡിയത്തിലെ സിന്തറ്റിക് ടർഫ് വെള്ളം നനയ്ക്കുന്നതിലേക്കായി കുഴൽക്കിണർ നിർമ്മിക്കണമെന്ന് കൊല്ലം ജില്ലാ സ്പോർട്സ് കൗൺസിൽ ആവശ്യപ്പെടുകയും സെക്രട്ടറിയുടെ 20.5.2016ലെ KSSC/B3/2576/16 നടപടി ക്രമങ്ങൾ പ്രകാരം 9,58,665/- രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിലേക്കായി കൊല്ലം ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ഒരു മാസത്തിനകം തുക ക്രമീകരിക്കണമെന്നായിരുന്നു നടപടിക്രമങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നത്.

ചെക്ക് നം. 971480/26.5.16 പ്രകാരം 9,58,665/- രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിലേക്കായി കൊല്ലം ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുള്ള തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുക ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-3 PYKKA ഫണ്ട് വരവ് ചെലവുകളിൽ വ്യക്തതയില്ല

2016-17 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് ലെ PYKKA റസീപ്റ്റ് & പേമന്റ് പ്രകാരം PYKKA അക്കൗണ്ടിൽ 4,93,84,224/-മുന്നിരിപ്പുണ്ട്. ഇതുകൂടാതെ പ്രസ്തുത അക്കൗണ്ടിലേക്ക് 2016-17 സാമ്പത്തിക വർഷത്തിൽ വരവായി വന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂപ) |
|---|---|---|
| 1 | Unspent Grants of Pykka Rural Women Competition refunded by DSCs | 1,00,669/- |
| 2 | Recoupment of funds during previous years-Non-Plan fund | 1,10,00,000/- |
| 3 | Recoupment of funds during previous years-Plan fund | 1,21,64,205/- |

PYKKA സ്കീമിൽ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം എന്നിവ പ്രകാരം നാളിതുവരെയുള്ള വരവ് ചെലവുകൾ സംബന്ധിച്ച് വ്യക്തതയില്ല. മാത്രമല്ല പ്രസ്തുത സ്കീമിൽ നിന്ന് മറ്റു ആവശ്യങ്ങൾക്കായി തുക വക മാറ്റി ചെലവഴിക്കുകയും 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻ-നോൺപ്ലാൻ ഫണ്ടിൽ നിന്ന് റീക്കൂപ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കീമിൽ നാളിതുവരെയുള്ള വരവ് -ചെലവുകളുടെ വിശദാംശം, പ്രസ്തുത സ്കീമിൽ നിന്ന് മറ്റു ആവശ്യങ്ങൾക്കായി തുക വക മാറ്റി ചെലവഴിച്ചതിന്റെയും റീക്കൂപ് ചെയ്തതിന്റെയും വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 4,28 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

കൂടാതെ 2016-17 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് ലെ PYKKA റസീപ്റ്റ് & പേമെന്റ് പ്രകാരം Unspent Grants of Pykka Rural Women Competition refunded by DSCs ഇനത്തിൽ 1,00,669/- രൂപ വരവ് വന്നിട്ടുണ്ട്. പ്രസ്തുത സ്കീമിൽ നാളിതുവരെ വിവിധ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സ്ഥാപനങ്ങളിൽ നിന്നും ആയതു ലഭ്യമാക്കാൻ സ്വീകരിച്ച നടപടിയുടെയും വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 4,28 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

PYKKA ഫണ്ട് പ്രകാരം നാളിതുവരെയുള്ള വരവ് ചെലവുകൾ, ചെലവഴിക്കാൻ ബാക്കിയുള്ള തുക എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 PYKKA പദ്ധതി വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല 6,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

PYKKA പദ്ധതികൾക്കായി അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിനും തെങ്കര ഗ്രാമപഞ്ചായത്തിനും താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| പഞ്ചായത്ത് | ഉത്തരവ് നം/ചെക്ക് നം. | നൽകിയ തുക |
|---|---|---|
| അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് | കെ.എസ്.എസ്സി/പൈക്ക/3774/15 തീ.01.07.2015<br>ചെക്ക് നം.809862തീ.29.07.16 | 2,70,000/- |
| തെങ്കര ഗ്രാമപഞ്ചായത്ത് | കെ.എസ്.എസ്.സി/എ7/3774/16 തീ.22.11.16<br>ചെക്ക് നം.809869തീ.03.12.16 | 3,80,000/- |

എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രവും മേൽ ഉത്തരവുകളിൽ പരാമർശിച്ചിട്ടുള്ള മറ്റ് അനുബന്ധ രേഖകളും നാളിതുവരെ ലഭ്യമായിട്ടില്ല. ഗ്രാന്റ് ലഭിച്ച് ഒരു മാസത്തിനകം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും 3 മാസത്തിനകം പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദിഷ്ട ലക്ഷ്യങ്ങൾക്ക് വിനിയോഗിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും വിനിയോഗം നിബന്ധനകൾക്ക് വിധേയമല്ലെങ്കിൽ 10% പലിശ ഈടാക്കേണ്ടതാണെന്നും മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിനിയോഗസാക്ഷ്യപത്രവും മറ്റ് അനുബന്ധ രേഖകളും നൽകാത്തതിനും ഉത്തരവ് പ്രകാരമുള്ള സമയപരിധി പാലിക്കാത്തതിനും സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 12 -ന് മറുപടി നൽകിയില്ല. PYKKA പദ്ധതികൾക്കായി പഞ്ചായത്തുകൾക്ക് 2016-17 സാമ്പത്തിക വർഷത്തിൽ നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ലത്തതിനാൽ 6,50,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നമുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 3-5 രാഷ്ട്രീയ മാദ്ധ്യമിക്ക് ശിക്ഷ അഭിയാൻ - അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം രാഷ്ട്രീയ മാദ്ധ്യമിക്ക് ശിക്ഷ അഭിയാൻ ഗ്രാന്റായി 78,88,100/- രൂപയാണ് വരവുള്ളത്. 2015-16 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 54,61,094/- രൂപ പ്രസ്തുത ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഫയൽ പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 47,00,000/- രൂപയുടെ വരവും 40,00,000/- രൂപയുടെ ചെലവുമാണ് വന്നിട്ടുള്ളത്. രാഷ്ട്രീയ മാദ്ധ്യമിക്ക് ശിക്ഷ അഭിയാൻ ഗ്രാന്റായി 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19 ന് മറുപടി നൽകിയിട്ടില്ല.

ലഭ്യമാക്കിയ രേഖകൾ പ്രകാരം, 2016-17 സാമ്പത്തിക വർഷത്തിൽ സ്പോർട്ട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി M/S VATS sports,Meerut എന്ന സ്ഥാപനത്തിന് 40,00,000/- രൂപ (ചെക്ക് നം. 58339 തീ.22/03/17) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം സ്പോർട്ട്സ് ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെയും ആയത് സ്റ്റോക്കിലെടുത്ത് പർച്ചെസ് വെരിഫിക്കേഷൻ കമ്മറ്റി പരിശോധിച്ച് കിറ്റുകളാക്കി അതാത് ജില്ലകളിലെ ഡി.ഇ. ഓഫീസുകൾക്ക് നൽകിയതിന്റെയും വിവരം ഫയലിൽ ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്ററിലും പ്രസ്തുത സ്ഥാപനം വിതരണം ചെയ്ത സ്പോർട്ട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളില്ല. ആയവ സ്റ്റോക്കിലെടുത്തതിന്റെയും പർച്ചെസ് വെരിഫിക്കേഷൻ കമ്മിറ്റി പരിശോധിച്ച് കിറ്റുകളാക്കി അതാത് ജില്ലകളിലെ ഡി.ഇ ഓഫീസുകൾക്ക് നൽകിയതിന്റെയും വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19 ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 40,00,000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത സ്ഥാപനം സ്പോർട്ട്സ് ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെയും ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-6 രാജീവ്ഗാന്ധി ഖേൽ അഭിയാൻ - രേഖകൾ ഹാജരാക്കിയില്ല 4,51,194/- രൂപ തടസ്സപ്പെടുത്തുന്നു

രാജീവ്ഗാന്ധി ഖേൽ അഭിയാൻ ഫണ്ടിന്റെ 2016-17 സാമ്പത്തിക വർഷത്തെ PYKKA റസീപ്റ്റ് & പേമെന്റ് പ്രകാരം കോമ്പറ്റീഷൻ ഗ്രാന്റ് ഡി.എസ്.സി. കണ്ണൂർ ഇനത്തിൽ 1,72,770/- രൂപയും കോമ്പറ്റീഷൻ ഗ്രാന്റ് ഡി.എസ്.സി. തിരുവനന്തപുരം ഇനത്തിൽ 64,645/- രൂപയും ചെലവ് വന്നിട്ടുണ്ട്. കൂടാതെ റൂറൽ വിമൺ കോമ്പറ്റീഷൻ ഇനത്തിൽ 5,53,349/- രൂപയും ചെലവ് വന്നിട്ടുണ്ട്. എന്നാൽ കോമ്പറ്റീഷൻ ഗ്രാന്റ് ഡി.എസ്.സി. തിരുവനന്തപുരം ഇനത്തിൽ ചെലവായ 64,645/- രൂപയുടെയും റൂറൽ വിമൺ കോമ്പറ്റീഷൻ ഇനത്തിൽചെലവായ 2,74,925/- രൂപയുടെയും ചെലവ് രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയുള്ളൂ. രേഖകൾ ഹാജരാക്കാത്തതിനാൽ കോമ്പറ്റീഷൻ ഗ്രാന്റ് ഡി.എസ്.സി, കണ്ണൂർ ഇനത്തിൽ ചെലവഴിച്ച 1,72,770/- രൂപയുടെയും റൂറൽ വിമൺ കോമ്പറ്റീഷൻ ഇനത്തിൽ ചെലവായ 2,78,424/- രൂപയുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 3-7 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

വിവിധ സ്പോർട്സ് ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് participation fee, coaching camp എന്നിവയുടെ ചെലവിലേക്കായി സ്പോർട്സ് കൗൺസിലിൽ നിന്നും സ്പോർട്സ് അസോസിയേഷനുകൾക്ക് അഡ്വാൻസ് നൽകുന്നുണ്ട്. പ്രസ്തുത ചെലവിലേയ്ക്കായി 2016-2017 വർഷത്തിൽ അഡ്വാൻസ് ഗ്രാന്റ് ലഭിച്ചിട്ടുള്ള താഴെപറയുന്ന സ്പോർട്സ് അസോസിയേഷനുകൾ ഗ്രാന്റ് ക്രമീകരിക്കാതിരുന്നതും ക്രമീകരിക്കുന്നതിൽ കാലതാമസം വരുത്തിയതും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധികമായി നൽകുന്ന അഡ്വാൻസ് തുകകൾ ക്രമീകരണ ബിൽ സമർപ്പിക്കുന്ന വേളയിൽ സ്പോർട്സ് അസോസിയേഷനുകളിൽ നിന്നും റീഫണ്ട് ചെയ്യപ്പെടുന്നില്ല. തുടർ വർഷങ്ങളിലെ സ്പോർട്സ് ചാമ്പ്യൻഷിപ്പുകൾ നടത്തുന്നതിനുവേണ്ടി പ്രസ്തുത സ്പോർട്സ് അസോസിയേഷനുകൾക്ക് നൽകുന്ന അഡ്വാൻസിൽ നിന്നുമാത്രമാണ് മുൻവർഷങ്ങളിൽ അധികമായി നൽകുന്ന അഡ്വാൻസ് ക്രമീകരിക്കപ്പെടുന്നത്. ആയതിന് വളരെ കാലതാമസവും വരുന്നുണ്ട്. ജി.ഒ.(പി)നംപർ 419/11/ഫിൻ തീയതി 04.10.2011-ലെ ഉത്തരവ് പ്രകാരം 3 മാസത്തിനകം ക്രമീകരിക്കാത്ത അഡ്വാൻസ് തുകകൾ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്പോർട്സ് കൗൺസിൽ, അസോസിയേഷനുകൾക്ക് ഗ്രാന്റ് നൽകുന്നത് 2013ലെ ഗ്രാന്റ്-ഇൻ-എയ്ഡ് റെഗുലേഷൻ 29.01.2013, 27.02.2013 എന്നീ തീയതികളിലെ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ അഡ്വാൻസുകൾ സ്വീകരിക്കുന്ന അസോസിയേഷനുകൾ 14 ദിവസത്തിനകം വിശദമായ റിപ്പോർട്ടും വരവുചെലവുകണക്കുകളും കൗൺസിലിന് സമർപ്പിക്കണമെന്നും അതിനുവിപരീതമായി പ്രവർത്തിക്കുന്ന അസോസിയേഷനുകൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ അസോസിയേഷനുകളിൽ നിന്നും ക്രമീകരിക്കാനുള്ള അഡ്വാൻസ് തുകകൾ 18% പലിശ സഹിതം ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു (അനുബന്ധം 2).

### 3-8 സ്ഥിര നിക്ഷേപങ്ങൾ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നിലവിൽ വിവിധ ബാങ്കുകൾ, ട്രഷറി, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവിടങ്ങളിലായി ഉള്ള സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ/തീയതി | തുക (രൂപ) | കാലാവധി പൂർത്തിയാക്കുന്ന തീയതി |
|---|---|---|---|---|
| 1 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.198976 17.01.2017 | 1122166.00 | 17.01.2020 |
| 2 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.198975 17.01.2017 | 1577948.00 | 17.01.2020 |
| 3 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.198923 10.01.2017 | 255000.00 | 10.01.2020 |
| 4 | ട്രഷറി സേവിംഗ്സ് ബാങ്ക് | JJ No. 638065 30.01.2017 | 1913864.00 | 30.01.2020 |
| 5 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.098134 27.01.2017 | 75000.00 | 27.01.2020 |
| 6 | ട്രഷറി സേവിംഗ്സ് | JJ No. 638064 | 1130240.00 | 30.01.2020 |

| | | | | |
|---|---|---|---|---|
| | ബാങ്ക് | 30.01.2017 | | |
| 7 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.098172<br>09.07.2016 | 4019.00 | 09.07.2019 |
| 8 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.098173<br>09.07.2016 | 24750.00 | 09.07.2019 |
| 9 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.251224<br>07.02.2017 | 1500000.00 | 07.02.2020 |
| 10 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.086994<br>24.06.2016 | 2500000.00 | 24.06.2019 |
| 11 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.081670<br>22.08.2014 | 955625.00 | 22.08.2017 |
| 12 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.081669<br>22.08.2014 | 3189526.00 | 22.08.2017 |
| 13 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.249845<br>10.07.2015 | 2000000.00 | 10.07.2018 |
| 14 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.249846<br>10.07.2015 | 6000000.00 | 10.07.2018 |
| 15 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.198914<br>19.11.2013 | 3500000.00 | 19.11.2018 |
| 16 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.198915<br>19.11.2013 | 2800000.00 | 19.11.2018 |
| 17 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.081668<br>22.08.2014 | 3189526.00 | 22.08.2017 |
| 18 | ട്രഷറി സേവിംഗ്സ് ബാങ്ക് | JJ No. 758633<br>08.12.2015 | 3000000.00 | 08.12.2018 |
| 19 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.198913<br>30.07.2013 | 1000000.00 | 30.07.2018 |
| 20 | ട്രഷറി സേവിംഗ്സ് ബാങ്ക് | JJ No. 371217<br>07.12.2016 | 2000000.00 | 07.12.2019 |
| 21 | ട്രഷറി സേവിംഗ്സ് ബാങ്ക് | JJ No. 470143<br>17.08.2016 | 2800000.00 | 17.08.2019 |
| 22 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.098133<br>05.06.2013 | 5000000.00 | 05.06.2018 |
| 23 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.024093<br>29.03.2017 | 329297.00 | 29.03.2020 |
| 24 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.024092<br>29.03.2017 | 1252565.00 | 29.03.2020 |
| 25 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.098132<br>16.06.2012 | 13398.00 | 16.06.2017 |
| 26 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.198912<br>23.11.2013 | 400000.00 | 23.11.2018 |
| 27 | ട്രഷറി സേവിംഗ്സ് ബാങ്ക് | A.A No.081667<br>22.08.2014 | 344025.00 | 22.08.2017 |

| | | | | |
|---|---|---|---|---|
| 28 | എസ്.ബി.ഐ. | 31846505341<br>22.08.2014 | 154766.00 | 22.07.2017 |
| 29 | എസ്.ബി.ടി. | 67085203992<br>09.06.2016 | 2873310.00 | 09.06.2019 |
| 30 | എസ്.ബി.ടി. | 67063691543<br>31.03.2013 | 33290.00 | 31.03.2018 |
| 31 | എസ്.ബി.ടി. | 67085071000<br>06.06.2015 | 15576.00 | 06.06.2018 |
| 32 | Syndicate Bank | 787009<br>25.03.2017 | 165143.36 | 25.03.2018 |
| 33 | KSSC Employees Co-Op. Society | 295<br>30.09.2014 | 100000.00 | 30.09.2017 |
| 34 | KSSC Employees Co-Op. Society | 296<br>01.10.2014 | 168000.00 | 01.10.2017 |
| 35 | KSSC Employees Co-Op. Society | 294<br>30.09.2014 | 200000.00 | 30.09.2017 |
| 36 | KSSC Employees Co-Op. Society | 301<br>01.06.2015 | 144000.00 | 01.06.2018 |
| 37 | KSSC Employees Co-Op. Society | 293<br>30.09.2014 | 100000.00 | 30.09.2017 |

### 3-9 എലൈറ്റ് ട്രെയിനിംഗ് സ്കീം- ഫെൻസിംഗ് പരിശീലന പദ്ധതി -ബോർഡിംഗ് ചാർജിനത്തിൽ ഫെൻസിംഗ് കോച്ചിന് നല്കിയ 46,800 /- രൂപ നിരാകരിക്കുന്നു.

അന്തരാഷ്ട്ര നിലവാരത്തിലുള്ള ഫെൻസിംഗ് താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ എലൈറ്റ് ട്രെയിനിംഗ് സ്കീം- ഫെൻസിംഗ് പരിശീലന പദ്ധതി ആരംഭിച്ചത്. എലൈറ്റ് ട്രെയിനിംഗ് സ്കീം- ഫെൻസിംഗ് പരിശീലന പദ്ധതി പ്രകാരം 20 കായിക താരങ്ങൾക്ക് ഫെൻസിങ് പരിശീലനം നല്കുവാനാണ് സ്പോർട്സ് കൗൺസിൽ വിഭാവനം ചെയ്തത്. എന്നാൽ 5 കായിക താരങ്ങൾക്ക് മാത്രമാണ് റീജീയണൽ സ്പോർട്സ് സെന്റർ, കടവന്ത്രയിൽ വച്ച് ഫെൻസിങ് പരിശീലനം നല്കിയിട്ടുള്ളത്.

എലൈറ്റ് ട്രെയിനിംഗ് സ്കീം-ഫെൻസിംഗ് പരിശീലന പദ്ധതിയ്ക്കായി സ.ഉ. (സാധാ).നം. 171/16/കാ.യു.വ. തീയതി. 05.08.2016 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കായിക താരങ്ങൾക്ക് പ്രതിദിനം ബോർഡിംഗ് ഇനത്തിൽ 400/- രൂപയും ലോഡ്ജിംഗ് ഇനത്തിൽ 50 രൂപയും കോച്ചിന് ബോർഡിംഗ് ഇനത്തിൽ 225 രൂപയും ലോഡ്ജിംഗ് ഇനത്തിൽ 150 രൂപയും ചെലവഴിക്കുന്നതിന് അനുമതി നല്കിയിട്ടുള്ളത്. ഫെൻസിംഗ് കോച്ചിനും 5 കായിക താരങ്ങൾക്കും ബോർഡിംഗിനും ലോഡ്ജിംഗിനുമുള്ള സൗകര്യങ്ങൾ റീജിയണൽ സ്പോർട്സ് സെന്ററാണ് ഒരുക്കി നല്കിയിട്ടുള്ളത്. എന്നാൽ 2016-17 സാമ്പത്തിക വർഷം ഫെൻസിംഗ് കോച്ചായ ശ്രീമതി. ഷീജ. വി.കെ.-യ്ക്കു ബോർഡിംഗ് ചാർജിനത്തിൽ താഴെപ്പറയുന്ന തരത്തിൽ തുക അനുവദിച്ചു നല്കിയിട്ടുണ്ട്.

| മാസം | തുക | ചെക്ക് നം. / തീയതി |
|---|---:|---|
| ഏപ്രിൽ | 2,925/- | 134714 തീയതി.10.08.16 |
| മെയ് | 5,850/- | 134723 തീയതി .10.08.16 |
| ജൂൺ | 6,750/- | 452388 തീയതി 24.12.16 |
| ജൂലൈ | 6,975/- | 452384 തീയതി 24.12.16 |
| ആഗസ്റ്റ് | 6,300/- | 452346 തീയതി 21.12.16 |
| സെപ്റ്റംബർ | 4,275/- | 452344 തീയതി 21.12.16 |
| ഒക്ടോബർ | 6,975/- | 452330 തീയതി 20.12.16 |
| നവംബർ | 6,750/- | 583281 തീയതി 13.03.17 |
| ആകെ | 46,800/- | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക (നം.40 ) മറുപടി നല്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ബോർഡിംഗിനും ലോഡ്ജിംഗിനുമായി അനുവദിച്ച തുക അല്ലെങ്കിൽ യഥാർത്ഥത്തിൽ ചെലവായ തുക ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. ബോർഡിംഗിനും ലോഡ്ജിംഗിനുമായി റീജിയണൽ സ്പോർട്സ് സെന്ററിനു ചെലവു രേഖകൾ പ്രകാരം യഥാർത്ഥത്തിൽ ചെലവായ തുക സ്പോർട്സ് കൗൺസിൽ അനുവദിച്ചു നൽകിയിരുന്നു. ഇതിനു പുറമേ ബോർഡിംഗ് ചാർജ്ജിനത്തിൽ ഫെൻസിംഗ് കോച്ചായ ശ്രീമതി. ഷീജ. വി.കെ.യ്ക്ക് 46,800/-രൂപ അനുവദിച്ചത് അംഗീകരിക്കാനാവില്ല. ആയതിനാൽ ശ്രീമതി. ഷീജ. വി.കെ.-യ്ക്ക് 2016-17-ൽ ബോർഡിംഗ് ചാർജിനത്തിൽ നല്കിയ 46,800/-രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-10 പി.എഫ്. അക്കൗണ്ടിൽ 75,78,930/-രൂപയുടെ കുറവ്

കേരള സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ പി.എഫ്. അക്കൗണ്ട് വിവരങ്ങൾ പ്രകാരം 2016-17 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ, ജീവനക്കാരുടെ വിഹിതമായി അക്കൗണ്ടിൽ നീക്കിയിരിപ്പായി നിലനിൽക്കേണ്ട തുകയും പി.എഫ്. അക്കൗണ്ട്, പി.എഫിൽ നിന്നുള്ള സ്ഥിരനിക്ഷേപം എന്നീ നിലകളിൽ ബാക്കി നിൽക്കുന്ന തുകയും പരിശോധിച്ചതിൽ അക്കൗണ്ടിൽ 75,78,930/- രൂപയുടെ കുറവ് നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പി.എഫ്.അക്കൗണ്ട് നം. 57037145556 പ്രകാരം 31.3.17 ന് ബാക്കി നിൽക്കുന്ന തുക | 24,09,880.30 |
| പി. എഫിൽ നിന്നുള്ള സ്ഥിര നിക്ഷേപം | 5,04,10,891.00 |
| ആകെ | 5,28,20,771.30 |
| ജീവനക്കാരുടെ പി.എഫ് രജിസ്റ്റർ പ്രകാരം 31.03.17 ന് ജീവനക്കാർക്ക് നൽകാൻ അർഹതപ്പെട്ട തുക | 6,03,99,701.00 |
| വ്യത്യാസം | 75,78,930.00 |

പി.എഫ്. അക്കൗണ്ടിലെ വരവ് തുകകൾ നിക്ഷേപിക്കുന്നതും തുകകൾ പിൻവലിക്കുന്നതും എസ്.ബി.ഐയിലെ 57037145556 നമ്പർ എസ്.ബി.അക്കൗണ്ടുവഴിയാണ് നിർവ്വഹിച്ചു പോരുന്നത്. കൂടാതെ, പി.എഫ്. നിക്ഷേപം 5,04,10,891/- രൂപയുടെ സ്ഥിര നിക്ഷേപങ്ങളായും മാറ്റിയിട്ടുമുണ്ട്.

എസ്.ബി. അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയ്ക്ക് നാമമാത്രമായ പലിശയാണ് ലഭിക്കുന്നത് എന്നതിനാലും, സ്ഥിര നിക്ഷേപങ്ങൾ വഴി ലഭിക്കുന്ന പലിശയും ജീവനക്കാർക്ക് അനുവദിക്കേണ്ടി വരുന്ന പലിശ ഇനത്തിലെ തുകയും തമ്മിൽ ഗണ്യമായ വ്യത്യാസം വരുന്നതിന് ഇടയാകുന്നു. പി.എഫ്. അക്കൗണ്ടിൽ വിവിധ ഇനങ്ങളിലായി നിലനിൽക്കുന്ന കുറവ് കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.35/20.04.19-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പി.എഫ്. അക്കൗണ്ടിനായി ട്രഷറിയിൽ ജി.പി.എഫ് അക്കൗണ്ട് മാതൃകയിൽ പി.എഫ്. അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

## 3-11 ജീവനക്കാര്യം - സർവ്വീസ് ചട്ടങ്ങൾ പാലിക്കുന്നില്ല.

കേരള സ്പോർട്സ് കൗൺസിലിൽ ക്ളർക്ക്/ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജി. സുരേഷിന്റെ സേവനപുസ്തകം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 01.04.1984-ന് കേരള സ്പോർട്സ് കൗൺസിലിൽ പ്യൂണായി സ്ഥിര നിയമനം ലഭിച്ച ശ്രീ. ജി. സുരേഷിനെ 28.05.07-ലെ kssc/B1/8996/07 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും 24.12.12-ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം 22.12.12 മുതൽ terminate ചെയ്യുകയും ചെയ്തു. ബഹു. ഹൈക്കോടതിയുടെ 26.03.13-ലെ വിധിന്യായപ്രകാരം(wp(c) 6862/2013(g)), 10.06.2013-ലെ kssc/B1/8996/07 നമ്പർ ഉത്തരവിൽ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയും (18.06.13 മുതൽ സേവനത്തിൽ പ്രവേശിച്ചു) ചെയ്തുവെങ്കിലും, സേവന പുസ്തകത്തിൽ 01.11.2005 വരെയുള്ള ശമ്പള നിർണ്ണയ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 01.11.05-നു ശേഷം ശമ്പള നിർണ്ണയം നടത്തിയും സേവനകാലം regularise ചെയ്തും രേഖപ്പെടുത്തൽ വരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

2. 2016-17 സാമ്പത്തിക വർഷം ശ്രീ.സുരേഷിന് 7,160/- രൂപ അടിസ്ഥാന ശമ്പളം അനുവദിച്ചുകാണുന്നു. അടിസ്ഥാനശമ്പളം 7160/- ആയി നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തൽ സേവനപുസ്തകത്തിൽ വരുത്തിയിട്ടില്ല.

3. ശ്രീ.സുരേഷിന് മേൽ അച്ചടക്കനടപടി നിലവിലില്ലാത്ത സാഹചര്യത്തിലും ക്രിമിനൽ കേസിൽ ശ്രീ.സുരേഷിന് അനുകൂലമായി കോടതി വിധി ഉണ്ടായിട്ടുള്ള സാഹചര്യത്തിലും സ്ഥാനക്കയറ്റം അനുവദിക്കാത്തതിനുമേൽ സമർപ്പിച്ച WP(c)29615/18 നമ്പർ റിട്ട് പെറ്റീഷന് 12.09.18ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഉത്തരവ് കൈപ്പറ്റി 2 മാസത്തിനുള്ളിൽ പരാതിക്കാരനെ കേട്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. 11/2018-നകം ഉത്തരവ് പുറപ്പെടുവിക്കേണ്ടിയിരുന്ന പ്രസ്തുത സംഗതിയിൽ ഓഡിറ്റ് തീയതി വരെയും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.38/20.04.19-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള സ്പോർട്സ് കൗൺസിൽ ചട്ടങ്ങൾ (സ.ഉ.(പി)നം.127/08/പൊ.വി.വ. തീയതി.15/07/2008) ചട്ടം 22(4) പ്രകാരം കേരള സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്ക് സർക്കാർ സർവ്വീസിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ആണ് ബാധകം എന്നിരിക്കെ സർവ്വീസ് ചട്ട പ്രകാരം യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്നതും ചട്ടം നിഷ്കർഷിക്കുന്ന തുടർ നടപടി കൈക്കൊള്ളാതിരിക്കുന്നതും സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാകയാൽ വിഷയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 3-12 പദ്ധതിയേതര ശമ്പള ചെലവ് ഗ്രാന്റ് തുകയെ അധികരിച്ച് നിർവ്വഹിക്കുന്നു.

2016-17 സാമ്പത്തിക വർഷം പദ്ധതിയേതര വിഹിതത്തിൽ ശമ്പള ആവശ്യങ്ങൾക്കായി സർക്കാർ 8,95,20,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരള സ്പോർട്സ് കൗൺസിലിന്റെ 2016-17 സാമ്പത്തിക വർഷത്തെ അക്കൗണ്ട് പ്രകാരം പദ്ധതിയേതര ശമ്പള ചെലവ് 10,29,13,437/- രൂപയാണ്. ഈ സാഹചര്യത്തിൽ പദ്ധതിയേതര ശമ്പള ചെലവ്, പദ്ധതിയേതര ഗ്രാന്റ് അധികരിച്ച് നിർവ്വഹിച്ചിട്ടുള്ളതിനാൽ, പ്രസ്തുത ചെലവ് നിർവഹിച്ച ഫണ്ടിനം, ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ വകമാറ്റി ചെലവഴിച്ച ഫണ്ടിന്റെ വിവരം(തുക, ഫണ്ടിനം എന്നീക്രമത്തിൽ), പ്രസ്തുത തുകയിൽ recoup ചെയ്യാൻ അവശേഷിക്കുന്ന തുക എന്നിവയുൾപ്പെടെയുള്ള വിവരം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.23/16.04.19 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിട്ടില്ല.

കേരള സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് 2009 ശമ്പള പരിഷ്കരണം അനുവദിച്ച് സർക്കാർ പുറപ്പെടുവിച്ച 18.02.2016-ലെ സ.ഉ.(കൈ)നം.16/16/കാ.യു.വ. നമ്പർ സർക്കാർ ഉത്തരവ് ഖ.11,12 എന്നിവ പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാനോ , സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികയിൽ(റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം മുതലായവ) നിയമനം നടത്തുവാനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ,സർക്കാർ 12.10.2017-ലെ സ.ഉ.(കൈ)നം12/2017/കാ.യു.വ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിലവിലുള്ള മിനിസ്റ്റീരിയൽ തസ്തികകളുടെയും പരിശീലക തസ്തികകളുടെയും എണ്ണം ക്രമീകരിച്ച് (മിനിസ്റ്റീരിയൽ -78, പരിശീലക തസ്തിക - 143) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, പദ്ധതിയേതര ശമ്പള ചെലവ്, പദ്ധതിയേതര ഗ്രാന്റ് അധികരിച്ച് നിർവ്വഹിച്ചിട്ടുള്ളതിനാൽ വിഷയം സർക്കരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 ഖേലോ ഇന്ത്യ – ആവർത്തന ഗ്രാന്റ് നഷ്ടമായി

കായികരംഗത്തെ പ്രതിഭകളെ കണ്ടെത്തുന്നതിനും സ്പോർട്സ് അക്കാഡമികളിലൂടെ അവരെ ഉന്നത നിലവാരത്തിലേക്ക് കൊണ്ടുവരുന്നതിനും കായികമേഖലയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഖേലോ ഇന്ത്യ -നാഷണൽ പ്രോഗ്രാം ഫോർ ഡെവലപ്മെന്റ് ഓഫ് സ്പോർട്സ്. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. മത്സരങ്ങൾ

2. പ്രതിഭകളെ കണ്ടെത്തൽ

3. സ്കോളർഷിപ്പ് നൽകൽ

4. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

Ministry of Youth Affairs & Sports ന്റെ 27.09.2016ലെ 38-4/MYAS/Khelo India/2016 നം. കത്ത് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് ഖേലോ ഇന്ത്യ പദ്ധതിയ്ക്ക് കീഴിൽ ജില്ലാതല-സംസ്ഥാനതല മത്സരങ്ങൾ നടത്തുവാനായി 1,19,82,000/-രൂപ അനുവദിച്ചതായി അറിയിച്ചിരുന്നു. പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രധാന വ്യവസ്ഥകൾ (ഖണ്ഡിക3) ചുവടെ ചേർക്കുന്നു.

3(iii) ജില്ലാതല-സംസ്ഥാനതല മത്സരങ്ങളുടെ മുഴുനീള വീഡിയോ ചിത്രീകരണം നിർബന്ധമാണ്. ആയതിന്റെ CD മന്ത്രാലയത്തിന് സമർപ്പിക്കേണ്ടതാണ്.

(iv) മത്സരാർത്ഥികളുടെ യാത്ര-താമസ-ഭക്ഷണച്ചെലവുകൾ, വിജയികളുടെ സമ്മാനത്തുക, സാങ്കേതിക ജീവനക്കാരുടെ ഫീ, മത്സര നടത്തിപ്പ് എന്നിവയ്ക്ക് വേണ്ടിയാണ് ഗ്രാന്റ് അനുവദിക്കുന്നത്.

(v) ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) -ൻ കീഴിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മെഡൽ ജേതാക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് സമ്മാനത്തുക കൈമാറേണ്ടതാണ്.

(vi) ഗ്രാന്റ് അനുവദിക്കുന്ന ആവശ്യത്തിനു വേണ്ടി മാത്രമേ ഉപയോഗിക്കാവൂ. ചെലവഴിക്കാത്ത തുക മത്സരങ്ങൾ കഴിഞ്ഞാലുടൻ തിരിച്ചടക്കേണ്ടതാണ്.

(vii) ഗ്രാന്റ് സ്വീകരിക്കുന്ന സ്ഥാപനം സർക്കാർ ഗ്രാന്റിന് വേണ്ടി സബ്സിഡിയറി അക്കൗണ്ട് പരിപാലിക്കേണ്ടതും ഗ്രാന്റ് വിനിയോഗിച്ച ശേഷം ഓഡിറ്റ് ചെയ്ത കണക്കുകൾ അക്കൗണ്ട്സ് ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്.

(xv) ഇത് ഒരു ആവർത്തന ഗ്രാന്റാണ്. ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനം സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ നിശ്ചിത മാതൃകയിൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി പരിശോധിച്ച് ഒപ്പ് വയ്ക്കേണ്ടതും കേരള സർക്കാരിന്റെ കായികവകുപ്പ് സെക്രട്ടറി കൗണ്ടർസൈൻ ചെയ്യേണ്ടതുമാണ്. മുൻ സാമ്പത്തികവർഷത്തെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ ശേഷം മാത്രമേ തുടർന്നുള്ള വർഷത്തേക്ക് ഗ്രാന്റ് അനുവദിക്കുകയുള്ളൂ.

(xvii) അനുവദിച്ച ഗ്രാന്റ് അംഗീകരിച്ച ആവശ്യത്തിനു വേണ്ടിയല്ല വിനിയോഗിച്ചതെന്ന് ഇന്ത്യാ ഗവൺമെന്റിന് ബോധ്യപ്പെട്ടാൽ ഗ്രാന്റ് അനുവദിക്കുന്നത് നിർത്തലാക്കുന്നതാണ്. ഇതു സംബന്ധിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തൃപ്തികരമല്ലെങ്കിൽ മുൻപ് അനുവദിച്ച ഗ്രാന്റ് 10% പലിശയോടു കൂടി തിരിച്ചടക്കേണ്ടതാണ്

ഖേലോ ഇന്ത്യ സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 25.11.2016 ലെ KSSC/A7/2644/2016നം. സർക്കുലറിലെ പൊതു നിർദേശങ്ങളിൽ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗരേഖകൾ പ്രകാരം മത്സരങ്ങൾ പൂർത്തിയായാലുടൻ ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല മത്സരങ്ങൾ തീർന്നാലുടൻ തന്നെ ഓരോ ജില്ലയുടെയും വരവ്-ചെലവ് കണക്ക്, മത്സരഫലങ്ങൾ എന്നിവയും പ്രസ്തുത വിവരങ്ങളടങ്ങുന്ന Data CD, ഓരോ മത്സരങ്ങളുടെയും നടത്തിപ്പ് സംബന്ധിച്ച വീഡിയോ CD എന്നിവയും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ആയതു പ്രകാരം വിവിധ ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് ഗ്രാന്റ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | അനുവദിച്ച തുക | ചെലവാക്കിയ തുക | തിരിച്ചടച്ച തുക | റിമാർക്സ് |
|---|---|---|---|---|
| തിരുവനന്തപുരം | 14,75,000 | 9,66,156 | 5,08,844 | വരവ്-ചെലവ് കണക്കുകൾ, മത്സരഫലങ്ങൾ,CD എന്നിവ ലഭ്യമല്ല. |
| കൊല്ലം | 6,11,000 | 2,61,796 | 3,49,204 | ചെലവ് രേഖകൾ, CD എന്നിവ ലഭ്യമല്ല. |
| ആലപ്പുഴ | 6,07,000 | ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല | | വരവ്-ചെലവ് കണക്കുകൾ, മത്സരഫലങ്ങൾ,CD എന്നിവ ലഭ്യമല്ല. |
| പത്തനംതിട്ട | 6,07,000 | ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല | | വരവ്-ചെലവ് കണക്കുകൾ, മത്സരഫലങ്ങൾ,CD എന്നിവ ലഭ്യമല്ല. |
| കോട്ടയം | 6,11,000 | 3,47,282 | 2,63,718 | *** |
| ഇടുക്കി | 5,07,000 | ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല | | വരവ്-ചെലവ് കണക്കുകൾ, മത്സരഫലങ്ങൾ,CD എന്നിവ ലഭ്യമല്ല. |
| എറണാകുളം | 10,79,000 | 9,12,702 | 1,66,298 | വരവ്-ചെലവ് കണക്കുകൾ, മത്സരഫലങ്ങൾ,CD എന്നിവ ലഭ്യമല്ല. |
| തൃശ്ശൂർ | 2015-16 ലെ രാജീവ് ഗാന്ധി ഖേൽ അഭിയാൻ വാർഷിക മത്സരങ്ങളുടെ കണക്കുകൾ ക്രമീകരിച്ചിട്ടില്ലാത്തതിനാലും വിനിയോഗ സാക്ഷ്യപത്രം കേന്ദ്ര കായിക – യുവജനകാര്യ മന്ത്രാലയത്തിന് | | | |

| | | | | |
|---|---|---|---|---|
| | സമർപ്പിച്ചിട്ടില്ലാത്തതിനാലും തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിലിന് ഗ്രാന്റ് അനുവദിച്ചില്ല. | | | |
| പാലക്കാട് | 10,30,000 | 8,08,286 | 2,21,714 | മത്സരഫലങ്ങൾ,ചെലവ് രേഖകൾ,CD എന്നിവ ലഭ്യമല്ല. |
| മലപ്പുറം | 7,11,000 | ചെലവഴിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല | | വരവ്-ചെലവ് കണക്കുകൾ, മത്സരഫലങ്ങൾ,CD എന്നിവ ലഭ്യമല്ല. |
| കോഴിക്കോട് | 16,07,000 | 13,97,543 | 2,09,457 | മത്സരഫലങ്ങൾ,ചെലവ് രേഖകൾ,CD എന്നിവ ലഭ്യമല്ല. |
| വയനാട് | 5,07,000 | 3,10,259 | 1,96,741 | മത്സരഫലങ്ങൾ,ചെലവ് രേഖകൾ,CD എന്നിവ ലഭ്യമല്ല. |
| കണ്ണൂർ | 7,21,000 | 5,68,785 | 1,52,215 | മത്സരഫലങ്ങൾ,ചെലവ് രേഖകൾ,CD എന്നിവ ലഭ്യമല്ല. |
| കാസർഗോഡ് | 5,07,000 | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. ### | മത്സരഫലങ്ങൾ,ചെലവ് രേഖകൾ,CD എന്നിവ ലഭ്യമല്ല. |

*** 28.03.2017 ലെ 212550, 212551 നമ്പർ ചെക്കുകൾ പ്രകാരം 2,63,718/- രൂപ കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ കേരള സ്പോർട്സ് കൗൺസിലിന് അയച്ചു കൊടുത്തെങ്കിലും പ്രസ്തുത ചെക്കുകൾ 'misplace' ആയതിനാൽ അക്കൗണ്ടിൽ അടയ്ക്കാൻ കഴിഞ്ഞില്ല എന്ന് KSSC/A3/2644/2016 എന്ന ഫയൽ പരിശോധനയിൽ വ്യക്തമായി. ആയതിനാൽ ചെക്കുകൾ 'revalidate' ചെയ്ത് മറ്റ് രേഖകൾ, CD എന്നിവയോടൊപ്പം സമർപ്പിക്കാൻ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ 15.03.2019 ലെ KSSC/A3/2644/2016 നം. കത്ത് പ്രകാരം കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിലിന് നിർദേശം നല്കിയെങ്കിലും ഓഡിറ്റ് നടക്കുന്ന കാലയളവ് വരെ ആയത് ലഭ്യമായിട്ടില്ല.

### ചെലവഴിക്കാത്ത 2,23,485 രൂപ ചെക്ക് നം. 826105, 826106 പ്രകാരം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് അയച്ചു നൽകിയതായി കാസർഗോഡ് ജില്ലാ സ്പോർട്സ് കൗൺസിൽ 09.08.2017 ലെ കത്ത് (നമ്പർ ലഭ്യമല്ല) പ്രകാരം അറിയിച്ചിട്ടുണ്ടെങ്കിലും ആയത് അക്കൗണ്ടിൽ (67381570615) വരവ് വെച്ചിട്ടില്ല.

ഖേലോ ഇന്ത്യ പദ്ധതി പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലുകൾക്ക് നൽകുന്നത് ആവർത്തന ഗ്രാന്റാണ്. ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനം സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ നിശ്ചിത മാതൃകയിൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. മുൻ സാമ്പത്തികവർഷത്തെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ ശേഷം മാത്രമേ തുടർന്നുള്ള വർഷത്തേക്ക് ഗ്രാന്റ് അനുവദിക്കുകയുള്ളൂ. എന്നാൽ മിക്ക ജില്ലാ സ്പോർട്സ് കൗൺസിലുകളും യഥാസമയം സംസ്ഥാന സ്പോർട്സ് കൗൺസിലിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, വിനിയോഗ സാക്ഷ്യപത്രവും വരവ്-ചെലവ് കണക്കുകൾ, മത്സരഫലങ്ങൾ, CD എന്നിവയും സമർപ്പിക്കുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ തുടർ നടപടികൾ സ്വീകരിച്ചില്ലയെന്നും ഫയൽ പരിശോധനയിൽ വ്യക്തമായി.

2017-18, 2018-19 സാമ്പത്തികവർഷങ്ങളിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലിന് ഗ്രാന്റ് ലഭ്യമായിട്ടില്ല. പ്രസ്തുത വർഷങ്ങളിൽ പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് നല്കിയത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യക്കാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

27.09.2016ലെ 38-4/MYAS/Khelo India/2016 നം. കത്തിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾ യഥാവിധി പാലിക്കുന്നതിൽ ജില്ലാ സ്പോർട്സ് കൗൺസിലുകളും ആയതിന് മേൽനോട്ടം വഹിക്കേണ്ട സംസ്ഥാന സ്പോർട്സ് കൗൺസിലും വീഴ്ച വരുത്തിയതിനാൽ സംസ്ഥാനത്തെ സമഗ്ര കായിക വികസനത്തിന് മുതൽക്കൂട്ടാകുമായിരുന്ന "ഖേലോ ഇന്ത്യ" പദ്ധതിക്ക് കേന്ദ്രസർക്കാർ അനുവദിക്കുന്ന ആവർത്തന ഗ്രാന്റ് 2016-17 ന് ശേഷം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നഷ്ടമായി. ഈ വിഷയം സംബന്ധിച്ച് സംസ്ഥാന സ്പോർട്സ് കൗൺസിൽ ഭരണസമിതിയുടെ വിശദീകരണം ആവശ്യമാണ്.

## 3-14 നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിൽ നിന്നും ലഭിച്ച കായിക ഉപകരണങ്ങളുടെയും അനുബന്ധ വസ്തുക്കളുടെയും വരവ് ചെലവ് കണക്കുകളിൽ കൃത്യതയില്ല.-വിനിയോഗ നടപടികൾ സുതാര്യമല്ല.

നാഷണൽ ഗെയിംസിന്റെ ഭാഗമായി പർച്ചേസ് ചെയ്തതും ഗെയിംസ് സെക്രട്ടേറിയറ്റ് സംസ്ഥാന സ്പോർട്സ് കൗൺസിലിന് കൈമാറിയതുമായ കായിക ഉപകരണങ്ങൾ/അനുബന്ധ സാമഗ്രികൾ എന്നിവയുടെ മൂല്യം തിട്ടപ്പെടുത്തി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 2016-2017 വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | കായിക ഉപകരണങ്ങളുടെ മൂല്യം രൂപയിൽ |
|---|---|---|
| 1 | 2015-2016 വർഷം ലഭിച്ചത് | 43,60,684/- |
| 2 | 2016-2017 വർഷം ലഭിച്ചത് | 35,76,156/- |
| 3 | 2016-2017 സാമ്പത്തിക വർഷം സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ആസ്തിയാക്കി മാറ്റിയത് | 1,81,186/- |
| 4 | 2016-2017 സാമ്പത്തിക വർഷം സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിന് കൈമാറിയത് | 5,83,918/- |
| 5 | 2016-2017 വർഷം അവശേഷിക്കുന്നത് | 28,11,052/- |

മേൽ പട്ടികയിലെ ഓരോ ക്രമ നമ്പരിലെയും കായിക ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള കണക്കും വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 09.04.2019ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയോടൊപ്പം ലഭ്യമാക്കിയ ലിസ്റ്റ് എൻ.ജി.എസ് കൈമാറിയ വസ്തുക്കൾക്കായുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

മൂല്യം തിട്ടപ്പെടുത്തിയതിനാധാരമായ ഫയൽ ഓഡിറ്റിന് ഹാജരാക്കുകയോ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ഉണ്ടായില്ല. 1,81,186/- സ്പോർട്സ് കൗൺസിലിന്റെ ആസ്തിയാക്കി മാറ്റിയത് എപ്രകാരമാണെന്നും വ്യക്തമാക്കുകയുണ്ടായില്ല. 5 83918/- രൂപ 2016-17 സാമ്പത്തിക വർഷം സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾക്ക് കൈമാറിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തലുണ്ടെങ്കിലും അപ്രകാരം കൈമാറിയതിന്റെ രേഖയോ കൈപ്പറ്റ് രസീതോ സൂക്ഷിച്ചിട്ടില്ല. സ്പോർട്സ് കൗൺസിൽ സെക്രട്ടറിയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ രജിസ്റ്ററിലെ വിവരങ്ങൾ സാക്ഷ്യപ്പെടുത്തി രജിസ്റ്റർ ആധികാരികമാക്കുകയും ചെയ്തിട്ടില്ല.

സ്പോർട്സ് ഉപകരണങ്ങൾ വിവിധ സ്ഥാപനങ്ങൾക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറി ഫയലിൽ തീരുമാനം രേഖപ്പെടുത്തുകയോ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. 1.5 ടണ്ണിന്റെ 31 എണ്ണവും 1 ടണ്ണിന്റെ 23 എണ്ണവും എയർ കണ്ടീഷനുകൾ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിലും(സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്) 11.04.2019 ൽ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കണക്ക് ഉൾപ്പെടുത്തിയിട്ടില്ല. വിതരണം നടത്തിയ ശേഷം അവശേഷിക്കുന്ന എ.സി കളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്റർ പേജ് 221 ന്റെ അവസാനം 36 ആണെങ്കിലും പേജ് 222ൽ പ്രാരംഭ ബാക്കിയായി ചേർത്തത് 33 എണ്ണം മാത്രമാണ്. അപ്രകാരം 3 എണ്ണം എ.സി കൾ കണക്കിൽ കുറവ് വന്നിട്ടുണ്ട്. മേൽ അപാകതകൾ സ്ബന്ധിച്ച് 16.04.2019 ൽ 29-ാം നമ്പരായി വിശദമായ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻ. ജി. എസ്സിൽ നിന്ന് സ്പോർട്സ് സാമഗ്രികൾ ലഭിച്ചതിന്റെയും അവയുടെ മൂല്യം തിട്ടപ്പെടുത്തിയതിന്റെയും ഫയലും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. ലഭിച്ച സാമഗ്രികളുടെ കൃത്യമായ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയും കാര്യക്ഷമമായ ഭൗതിക പരിശോധന നടത്തിയും വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കാൻ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. സ്റ്റോക്കിൽ അവശേഷിക്കുന്നവ പാഴായിപ്പോകാതെ കായികതാരങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ താമസം കൂടാതെ വിതരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും കൗൺസിൽ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഡേബോർഡിംഗ് ചാർജ്ജ് അധികം നൽകി

കേരളത്തിലെ 14 ജില്ലകളിലായി പ്രവർത്തിക്കുന്ന ഡേബോർഡിംഗ് സെന്ററുകളിൽ വിവിധ കായിക ഇനങ്ങളിൽ പരിശീലനം

